/65577/2022

"ഭരണഭാഷ-മാതൃഭാഷ"

No.DWCD/3618/2022-ICDSA1

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 06-11-2022
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ്- അങ്കണവാടി സർവ്വീസസ്(ജനറൽ) -2022-23 വർഷത്തെ അങ്കണവാടി കണ്ടിജൻസി(അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ്) - വാങ്ങലിനായുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

സൂചന:- 23/09/2022 ന് കൂടിയ 32-ാമത് ഐ.സി.ഡി.എസ് മിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനം

വനിതശിശുവികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് പ്രതി വർഷം അങ്കണവാടി കണ്ടിജൻസി (അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ്) ഇനത്തിൽ 60:40 എന്ന കേന്ദ്ര സംസ്ഥാന അനുപാതത്തിൽ തുക വിനിയോഗിക്കുന്നതിന് കേന്ദ്ര സർക്കാർ വ്യവസ്ഥ ചെയ്യുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്തെ 32986 അങ്കണവാടികൾക്ക് 2000/-രൂപ നിരക്കിലും 129 മിനി അങ്കണവാടികൾക്ക് 1000/-രൂപ നിരക്കിലും സ്റ്റോർ പർച്ചേസ് നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ട് ശിശുവികസന പദ്ധതി ഓഫീസർ മുഖാന്തിരം അങ്കണവാടി കണ്ടിജൻസി (അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ്) ഇനത്തിൽ തുക ചെലവഴിക്കുന്നതിനും, ഒരു അങ്കണവാടിയ്ക്ക് അനുവദനീയമായ തുകയിൽ കണ്ടിജൻസി സാധനങ്ങൾ വാങ്ങുന്നതോടൊപ്പം അങ്കണവാടിയ്ക്കാവശ്യമായതും മുൻ വർഷം അങ്കണവാടി കണ്ടിജൻസിയിൽ ഉൾപ്പെടുത്തി പ്രിന്റ് ചെയ്യിട്ടില്ലാത്തതുമായ രജിസ്റ്ററുകൾ കൂടി ശിശുവികസന ഓഫീസർ മുഖാന്തിരം പ്രിന്റ് ചെയ്യുന്നതിനും 23-9-22 ന് കൂടിയ 32-ാമത് ഐ.സി.ഡി.എസ് മിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി അനുമതി നൽകിയിട്ടുണ്ട്.

കേന്ദ്ര സർക്കാരിൽ നിന്നും അങ്കണവാടി കണ്ടിജൻസി (അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ്) ഇനത്തിൽ തുക വിനിയോഗിക്കുന്നതിനുള്ള അനുമതി ലഭ്യമാകുവാനുണ്ട്. എങ്കിലും 23-9-22 ന് കൂടിയ 32-ാമത് ഐ.സി.ഡി.എസ് മിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വാങ്ങലിനായുള്ള പ്രാരംഭ നടപടികൾ ശിശുവികസന പദ്ധതി ഓഫീസർമാർക്ക് സ്വീകരിക്കാവുന്നതാണ്. ഈ കാര്യാലയത്തിൽ നിന്നും നിർദ്ദേശം ലഭിച്ചതിനുശേഷം മാത്രമേ വർക്ക് ഓർഡർ നൽകുവാൻ പാടുള്ളൂ എന്നുള്ള വിവരവും അറിയിക്കുന്നു.

വിശ്വസ്തതയോടെ

For വനിത ശിശു വികസന ഡയറക്ടർ

പകർപ്പ്.

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും